11. ഏതൊരു നിക്ഷേപകനും സംഘം കമ്മിറ്റിയുടെ രേഖാമൂലമായ അനുമതിയോടുകൂടി സ്വന്തം പദ്ധതിയിലുള്ള അവകാശങ്ങൾക്ക് മറ്റൊരാൾക്ക് കൈമാറാവുന്നതാണ്.

12. ...................... ..........-ാമത് മാസം പദ്ധതി തുക ലഭിക്കേണ്ട നിക്ഷേപകന് സംഘം കമ്മീഷൻ കഴിച്ചുള്ള തുക ഒരു മാസത്തിനകം സംഘം കൊടുക്കേണ്ടതും അപ്രകാരം കൊടുക്കാതിരുന്നാൽ ടി തുക 12% പലിശ സഹിതം ഈടാക്കി എടുക്കുന്നതിന് നിക്ഷേപകന് അവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു.

13. പദ്ധതിയുടെ അംഗങ്ങൾക്കും അവരിൽനിന്നും രേഖാമൂലം അധികാരം സിദ്ധിച്ചവർക്കും മാത്രമേ പദ്ധതി നടപടികളിൽ പങ്കുകൊള്ളുവാൻ പാടുള്ളൂ.

14. നിക്ഷേപകന്റെ നോമിനിയെ ഈ നിബന്ധനയിൽ ചേർക്കേണ്ടതും നിക്ഷേപകൻ മരണപ്പെട്ടാൽ പദ്ധതി സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങളും നോമിനിക്ക് ലഭിക്കുന്നതുമാകുന്നു.

15. മേൽ വിവരിച്ച നിബന്ധനകൾ ഞാൻ വായിച്ചു മനസ്സിലാക്കി, എന്നെ ഈ പദ്ധതിയിൽ ഒരു നിക്ഷേപകനായി ചേർക്കുവാൻ അപേക്ഷ.

തീയതി: പേരും ഒപ്പും

| | |
|---|---|
| പേരും അംഗ നമ്പറും ഫോൺ നമ്പറും ഔദ്യോഗിക മേൽവിലാസവും PAN NUMBER | |
| സ്ഥിരമായ മേൽവിലാസം | |
| സി ക്ലാസ്സ് അംഗത്തിന്റെ പേരും അംഗ നമ്പറും മേൽവിലാസവും ഫോൺ നമ്പറും PAN NUMBER | |
| എടുത്തിട്ടുള്ള നറുക്ക് എണ്ണവും | |
| ജനന തീയതിയും പെൻഷൻ പറ്റുന്ന തീയതിയും | |
| നാമനിർദ്ദേശം ചെയ്യുന്ന അവകാശിയുടെ പേരും മേൽവിലാസവും ബന്ധവും | |
| ഒപ്പും തീയതിയും | |

## ഓഫീസ് ആവശ്യത്തിന്

MDS No.

തുക അടച്ച തീയതി: സെക്രട്ടറി

# എറണാകുളം ജില്ലാ പോലീസ് വായ്പാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 877

കലൂർ പി.ഒ. കൊച്ചി-682 017

## പ്രതിമാസ നിക്ഷേപ പദ്ധതിയുടെ നിബന്ധനകൾ

1. ഈ നിക്ഷേപ പദ്ധതിയിലെ നിക്ഷേപകൻ സംഘത്തിലെ മെമ്പർമാർ മാത്രമായിരിക്കുന്നതാണ്. സംഘത്തിനുവേണ്ടി ഡയറക്ടർബോർഡോ അവരിൽനിന്നും നിയമിക്കപ്പെടുന്ന ഒരു സബ് കമ്മിറ്റിയോ പദ്ധതി സംബന്ധമായ കാര്യങ്ങൾ നിർവഹിക്കുന്നതും ഇതനുസരിച്ച് സംഘത്തിനുവേണ്ടി അതാത് കാലത്തെ സെക്രട്ടറി പദ്ധതി സംബന്ധമായി സംഘത്തിലേക്ക് എഴുതിവാങ്ങുന്ന എല്ലാ പ്രമാണങ്ങളും സെക്രട്ടറിയുടെ പേരിൽ ആയിരിക്കുന്നതാണ്.
2. ........................... മാസംകൊണ്ടവസാനിക്കുന്ന ഈ പദ്ധതിയിൽ ........................ വീതം നിക്ഷേപിക്കേണ്ടതാണ്.
3. ഈ പദ്ധതി .......................... മാസംകൊണ്ട് അവസാനിക്കുന്നതും പദ്ധതിയുടെ ആദ്യ തവണ ........................................................മാസം ........................-ാം തീയതിയും അവസാന തവണ ........................................................................മാസം ..........................-ാം തീയതിയും തുടർന്ന് എല്ലാ മാസങ്ങളിലും ........................തീയതിയും .......................... തീയതി ഒഴിവു ദിവസമാണെങ്കിൽ അതിന്റെ അടുത്ത ദിവസവും ആയിരിക്കു.
4. ഓരോ തവണയ്ക്കും മൊത്തം നിക്ഷേപത്തുകയുടെ 5% വരുന്ന തുക സംഘത്തിലേക്ക് കമ്മീഷൻ വകയായി മാറ്റിവയ്ക്കുന്നതാണ്.
5. 5% സംഘം കമ്മീഷനും പരമാവധി 25% വരെ ബോണസും കഴിച്ച് അഡ്വാൻസ് ആവശ്യമുള്ള നിക്ഷേപകർ ഉണ്ടെങ്കിൽ ആ നിക്ഷേപകന് തുക നൽകുന്നതാണ്. അപ്രകാരം തുക ആവശ്യമുള്ളവർ ഒന്നിലധികം പേരുണ്ടെങ്കിൽ അവരുടെ പേരെഴുതി നറുക്കിട്ടെടുക്കുന്നതും നറുക്ക് കിട്ടുന്ന നിക്ഷേപകന് അഡ്വാൻസ് നൽകുന്നതുമാണ്.
6. നിക്ഷേപകൻ തവണതോറും അടയ്ക്കേണ്ട നിക്ഷേപ സംഖ്യ എല്ലാ മാസവും ............-ാം തീയതി ഉച്ചയ്ക്ക് ...................... മണിക്ക് മുൻപായി സെക്രട്ടറിയെ ഏൽപ്പിച്ച് രശീത് വാങ്ങേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം അഡ്വാൻസ് വാങ്ങാത്ത നിക്ഷേപകൻ മുടക്ക് തുകയ്ക്ക് 9% പലിശ സഹിതം അടയ്ക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ മുടക്കം വരുത്തുന്ന പദ്ധതി നിക്ഷേപകന് പദ്ധതിയിൽ തുടരുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. ടിയാനെ നീക്കം ചെയ്യുന്നതിനും മറ്റൊരാളെ പകരം ചേർക്കുന്നതിനും സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. പകരം ചേർക്കപ്പെടുന്ന നിക്ഷേപകന് അഡ്വാൻസ് കൊടുക്കുന്ന സമയം നീക്കപ്പെടുന്ന നിക്ഷേപകന് അഡ്വാൻസ് ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാകുന്നു.
7. അഡ്വാൻസ് ലഭിച്ച നിക്ഷേപകൻ മുടക്കം വരുത്തിയാൽ മുടക്ക് തുകയ്ക്ക് 12% പലിശ നൽകേണ്ടതാണ്. അപ്രകാരം ചെയ്യാതിരുന്നാൽ അടക്കുവാനുള്ള മുഴുവൻ തുകയ്ക്കും മുടക്ക് തീയതി മുതൽ 12% പലിശയും നടപടി ചെലവ് മുതലായവയും ഈടാക്കിയെടുക്കുന്നതിന് സംഘത്തിന് അവകാശമുള്ളതും കൊടുക്കാൻ നിക്ഷേപകൻ ബാധ്യസ്ഥനുമാണ്.
8. നറുക്ക് കിട്ടിയ നിക്ഷേപകൻ സംഘത്തിലേക്ക് മതിയായ ഉറപ്പ് നൽകേണ്ടതും ആയത് സംഘം കമ്മിറ്റി പണിഗണിച്ചതിനുശേഷം അടുത്ത മാസം ..........-ാം തീയതിയോ അയതിനുശേഷമോ സംഖ്യ കൈപ്പറ്റേണ്ടതാണ്. ഈ പദ്ധതി അവസാനിക്കുമ്പോൾ അതുപ്രകാരമുള്ള നിക്ഷേപത്തുക ടിയാന്റെ അഡ്വാൻസ് ഇടപാടിലേക്ക് അഡ്ജസ്റ്റ് ചെയ്ത് ഇടപാട് അവസാനിപ്പിക്കാവുന്നതാണ്. ഈ പദ്ധതിയിൽനിന്ന് നിക്ഷേപകന് പലിശ ലഭിക്കുകയോ പദ്ധതിയിൽ പ്രകാരമുള്ള അഡ്വാൻസിന് പലിശ ഈടാക്കുകയോ ചെയ്യുന്നില്ല.
9. നറുക്കെടുപ്പിൽ കുറച്ച് സംഖ്യയിൽനിന്നും സംഘം കമ്മീഷൻ നീക്കിയശേഷം എല്ലാവർക്കും അവർ എടുത്തിട്ടുള്ള ഓഹരിക്രമം അനുസരിച്ച് ബോണസ് നൽകുന്നതിന് സംഘത്തിന് കമ്മീഷൻ വകയ്ക്കുമായി അഡ്വാൻസ് വാങ്ങിയ നിക്ഷേപകൻ വകവച്ചു പറ്റിയതായി രശീത് കൊടുക്കേണ്ടതാണ്.
10. അഡ്വാൻസ് വാങ്ങിയശേഷം നിക്ഷേപപദ്ധതി മുടക്ക് വരുത്തുന്ന നിക്ഷേപകരിൽനിന്നോ ടിയാന്റെ ജാമ്യക്കാരിൽനിന്നോ ഈ പദ്ധതി അവസാനിക്കുന്നതിന് മുൻപ് എപ്പോൾ വേണമെങ്കിലും മുഴുവൻ അഡ്വാൻസ് തുകയും പലിശ, മറ്റു ചെലവുകൾ എന്നിവയും ഈടാക്കുന്നതിന് സംഘത്തിന് അധികാരവും അവകാശവും ഉള്ളതാകുന്നു.